IV. സബ്മിഷൻ

(1) ആലപ്പുഴ ടൗണിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ മർദ്ദിച്ച സംഭവം

ശ്രീ. ജി. സുധാകരൻ : സർ, 1999 മേയ് മാസം 14-ാം തീയതി ആലപ്പുഴ ടൗണിൽ കളക്കോട് ഭാഗത്ത് ജയചന്ദ്രൻനായർ എന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ ആലപ്പുഴ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന മദ്യമാഫിയസംഘത്തിന്റെ ഏജന്റുമാർ എന്നു കരുതുന്ന ഒരു സംഘമാളുകൾ ആക്രമിച്ച് കണ്ണിന് ഗുരുതരമായ കേടുവരുത്തിയ സംഭവത്തിൽ കുറ്റക്കാരായവരേയും അതിന് പ്രേരണ നൽകിയവരേയും അതിനു പിന്നിലുള്ള അനധികൃത സാമ്പത്തിക ശക്തികളേയും ഒന്നൊഴിയാതെ പിടിച്ച് മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടി എടുക്കണം. കുറ്റവാളികളെ തക്കസമയത്ത് പിടികൂടുന്നതിൽ ഗുരുതരമായ കൃത്യവിലോപം കാണിച്ച ആലപ്പുഴയിലെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യാജവാറ്റും വ്യാജമദ്യ വിതരണവുമായി ബന്ധപ്പെട്ട് ഏജന്റായി പ്രവർത്തിക്കുന്ന ഒരു കുടുംബം ജയചന്ദ്രൻ നായരുടെ കുടുംബത്തിന് തൊട്ടടുത്തുണ്ടായിരുന്നത് സംബന്ധിച്ച് ആലപ്പുഴ പോലീസിന് വ്യക്തമായ അറിവുണ്ടായിരുന്നിട്ടും അവിടെ റെയ്ഡ് നടത്താതെ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ സജീവപ്രവർത്തകനായിരുന്ന ജയചന്ദ്രൻനായരുടെ വീട്ടിൽ അനധികൃതമായി റെയ്ഡ് നടത്തുകയും പെരുമഴയത്ത് വീട്ടുകാരെ തെരുവിലിറക്കി പീഡിപ്പിക്കുകയും അതുവഴി യഥാർത്ഥ കുറ്റവാളികളെ ഒഴിവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇത് സാമ്പത്തികരംഗത്ത് വലതുപക്ഷ പിന്തിരിപ്പൻ ആശയം മനസ്സിൽ വച്ചു പുലർത്തുന്ന ചില സാമൂഹ്യവിരുദ്ധശക്തികളെ സഹായിക്കാനും ഇടതുപക്ഷ മുന്നണിയെ അപമാനിക്കാനും ജനങ്ങളുടെ ഇടയിൽ നായനാർ ഗവൺമെന്റിന്റെ വെട്ടിത്തിളങ്ങുന്ന പ്രതിച്ഛായക്ക് മങ്ങലേൽപ്പിക്കുവാനും ചില പോലീസുകാർ കരുതികൂട്ടി ചെയ്തതാണെന്നു ഞാൻ ഉറപ്പിച്ചു പറയാനാഗ്രഹിക്കുന്നു. കളക്കോട് ഭാഗത്ത് പല സാമൂഹ്യവിരുദ്ധശക്തികളും പല തരത്തിൽ അഴിഞ്ഞാടുന്നതായി ജനങ്ങൾക്ക് പരാതിയുണ്ട്. ഇതിനെയൊക്കെ തടയാത്ത ഉദ്യോഗസ്ഥരെപ്പറ്റി പരിശോധിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. സർക്കാരിന്റെ നയത്തിന് വിപരീതമായി മദ്യമാഫിയയ്ക്കും വലതുപക്ഷ സാമ്പത്തിക ശക്തികൾക്കും അഴിമതിക്കാർക്കും സഹായകരമായി പ്രവർത്തിക്കുന്ന ഇത്തരം ഉദ്യോഗസ്ഥന്മാരെ പ്രത്യേകം പരിശോധിക്കേണ്ടതായിട്ടുണ്ട്. മദ്യമാഫിയയുമായി ആജീവനാന്തം ബന്ധമുള്ള കോൺഗ്രസ് (ഐ) യിലെ, യു.ഡി.എഫ്.ലെ ചില നേതാക്കന്മാരും പ്രവർത്തകരും ജില്ലയിൽ അറസ്റ്റു ചെയ്യപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് മുതുകുളത്തു നിന്നു പിടിച്ച കുപ്രസിദ്ധനായ കോൺഗ്രസ് (ഐ) നേതാവ് ലാൽമാളവ്യ. ഇപ്രകാരം സർക്കാർ നയം നടപ്പിലാക്കാൻ താൽപ്പര്യം കാണിക്കുന്ന ഉദ്യോഗസ്ഥന്മാരോടൊപ്പം തന്നെ സർക്കാർ നയം നടപ്പിലാക്കാത്ത ചില ഉദ്യോഗസ്ഥന്മാരും ഉണ്ട്. ഇവരുടെ പിന്തുണയോടുകൂടിയാണ് ജയചന്ദ്രൻനായരുടെ കണ്ണുപോയ സംഭവമുണ്ടായത്. അദ്ദേഹത്തിന് പറ്റിയ അപകടത്തെത്തുടർന്ന് ചികിത്സക്കാവശ്യമായ തുക കുറ്റക്കാരിൽനിന്നും ഈടാക്കിക്കൊടുക്കാനും കുറ്റവാളികളെ കണ്ടുപിടിച്ച് ശിക്ഷിക്കാനും നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ആലപ്പുഴ ടൗൺ റോഡ്, കിഴക്ക് കാട്ടുവേലിയ്ക്കകത്തുവീട്ടിൽ ജയചന്ദ്രൻ നായരെ 17.5.1999-ന് രാത്രി ബൈജു എന്നൊരാൾ ഉൾപ്പെടെ നാലുപേർ ചേർന്ന് മാരകായുധങ്ങളു പയോഗിച്ച് അടിച്ചു പരിക്കേൽപ്പിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികി ത്സയിലായിരുന്ന ജയചന്ദ്രൻ നായർക്ക് പരിക്കുമൂലം ഇടതുകണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു എന്നു പറയുന്നു. ഇതിനെ സംബന്ധിച്ച് ആലപ്പുഴ സൗത്ത് പോലീസ്സ്റ്റേഷനിൽ ക്രൈം നമ്പർ 155/99-ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളിൽ ഒരാളെ 26.5.1999-ന് അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. മറ്റു മൂന്നു പ്രതികൾ കോടതിയിൽനിന്നും മുൻകൂർ ജാമ്യം വാങ്ങി. കേസന്വേഷണം ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയി ട്ടുണ്ട്.

(2) അടൂർ മണ്ഡലത്തിലെ മുരളി എന്ന യുവാവിന്റെ സംശയാസ്പദ മരണം

ശ്രീ. അടൂർ പ്രകാശ് : എന്റെ നിയോജകമണ്ഡലത്തിലെ തണ്ണിത്തോട് പഞ്ചായത്തിൽ തേക്കുതോട് തൂമ്പാകുളത്ത് ഗോപുരത്ത് മണ്ണിൽവീട്ടിൽ ശ്രീ. നടരാജന്റെ മകൻ മുരളി 2-4-1999 ൽ മരണപ്പെട്ടു. മുരളിയുടെ മരണം സംശ യാസ്പദമാണെന്ന് കാണിച്ച പോലീസ് അധികാരികൾക്ക് നിരവധി പരാതി കൾ നൽകിയിട്ടുണ്ട്. പക്ഷെ പോലീസിന്റെ ഭാഗത്തുനിന്നു ഇതുവരെയും കാര്യമായ അന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. രേഖാ മൂലം പരാതികൾ ഉന്നയിച്ചിട്ടും പോലീസിന്റെ ഭാഗത്തുനിന്നും അന്വേഷണത്തിന് നടപടിയെടുക്കാത്തതിൽ നാട്ടുകാർക്ക് പരാതിയുണ്ട്. 21-4-1999-ൽ പോലീസ് സ്റ്റേഷന്റെ മുൻപിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിയുടെ നേതൃ ത്വത്തിൽ ബഹുജന മാർച്ച് സംഘടിപ്പിക്കുകയുണ്ടായി. ആ ബഹുജന മാർച്ചിനുശേഷം അവിടെ അഞ്ചു ദിവസത്തോളം ധർണ്ണ നടന്നു. അതിനു ശേഷം അവിടെ സി.പി.ഐ(എം) ന്റെ തേക്കുതോട് എൽ.സി. കമ്മിറ്റിയുടെ നോട്ടീസ് അച്ചടിച്ചിറക്കി. 26.4.1999 നുള്ളിൽ പ്രതികളെ അറസ്റ്റു ചെയ്യാൻ പോലീസ് തയ്യാറാകുന്നില്ലെങ്കിൽ 27.4.1999 മുതൽ തണ്ണിത്തോട് പോലീസ് സ്റ്റേഷനുമുൻപിൽ അനിശ്ചിതകാല സത്യാഗ്രഹ സമരമാരംഭിക്കുകയാണെന്ന വിവരം ബന്ധപ്പെട്ട പോലീസ് അധികാരികളേയും ബഹുജനങ്ങളേയും അറി യിക്കുന്നു എന്ന് നോട്ടീസ് അച്ചടിച്ചിറക്കുകയുണ്ടായി. ഇതിനുശേഷം നിരാ ഹാര സത്യാഗ്രഹം നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഈ സമര പരിപാടി നടക്കുന്ന അവസരത്തിൽ അങ്ങ് ഗൾഫ് പര്യടനത്തിലായിരുന്നു. അങ്ങ് അസുഖം ബാധിച്ചു മടങ്ങി വന്ന ദിവസം തന്നെ അങ്ങയുടെ പാർട്ടി പ്രവർത്തകർക്ക് മുരളിയുടെ മരണത്തെക്കുറിച്ച് അടിയന്തിരമായി അന്വേ ഷണം നടത്താമെന്ന് ഉറപ്പു കൊടുക്കുന്നതനുസരിച്ച് നിരാഹാര സത്യാഗ്രഹ ത്തിൽ നിന്ന് പിൻമാറിയെന്നാണ് മാർക്സിസ്റ്റ് പാർട്ടി പ്രഖ്യാപിച്ചത്. എന്നാൽ ഇതുവരെയും മുരളിയുടെ സംശയാസ്പദമായ മരണത്തെക്കുറിച്ച് കാര്യമായ അന്വേഷണം നടന്നിട്ടില്ല. നാട്ടുകാർ അന്വേഷണത്തിനായി കൂടുതൽ ശക്ത മായ സമരപരിപാടികളുമായി മുന്നോട്ടു വരാനുള്ള ശ്രമത്തിലാണ്. അതു കൊണ്ട് മുരളിയുടെ മരണത്തിലുള്ള ദുരൂഹത പുറത്തു കൊണ്ടുവരുന്നതി നായി അതിന്റെ കേസ്സന്വേഷണ ചുമതല ക്രൈംബ്രാഞ്ചിനു വിട്ടുകൊടുക്കണ മെന്ന് ഞാനഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly